**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2430** **04-03-2025 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ഡി.പി. വളർച്ച**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആരംഭിക്കുന്ന പുതിയ വ്യവസായങ്ങൾ ഉണ്ടാക്കുന്ന മുതൽമുടക്ക്, ഉത്പാദിപ്പിക്കുന്ന ചരക്ക് (പൂർത്തിയായ ചരക്കുകൾ), നൽകുന്ന സേവനങ്ങൾ, നികുതി എന്നിവ ജി.എസ്.ഡി.പി-യിൽ വളർച്ചയുണ്ടാക്കും എന്നത് വസ്തുതയല്ലേ; വിശദമാക്കാമോ; | (എ) | ഒരു നിശ്ചിത കാലയളവിൽ ഒരു രാജ്യത്തിന്റെ അതിർത്തിക്കുള്ളിൽ ഉത്പാദിപ്പിക്കപ്പെടുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും മൂല്യത്തെയാണ് ആ രാജ്യത്തിന്റെ മൊത്തം ആഭ്യന്തര ഉദ്പാദനം (GDP) എന്ന് വിവക്ഷിക്കുന്നത് 2023-24 ൽ സംസ്ഥാനത്തിന്റെ പ്രതിശീർഷ ജിഎസ്ഡിപി (സ്ഥിര വിലയിൽ) 5.5 ശതമാനം വർധിച്ച് 1,76,072 രൂപയായി. ദേശീയ ശരാശരി 1,24,600 രൂപയായിരിക്കുമ്പോഴാണ് സംസ്ഥാനം ഈ നേട്ടം കൈവരിച്ചിട്ടുള്ളത്. കേരളത്തിലെ ഒരു വ്യക്തിയുടെ ശരാശരി വരുമാനം ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്.<br><br>2021-22 ലെ അന്തിമ കണക്കുകൾ പ്രകാരം Current price ൽ രാജ്യത്തിന്റെ GDP 18.85 ശതമാനം വളർച്ച കൈവരിച്ചപ്പോൾ സംസ്ഥാനത്തെ GSDP 19.75 ശതമാനം വളർച്ചയാണ് കൈവരിച്ചിട്ടുള്ളത്. സംസ്ഥാനത്തിന്റെ ആഭ്യന്തര ഉത്പാദനത്തിലുണ്ടാകുന്ന വളർച്ച രാജ്യത്തിന്റെ ആകെ സമ്പത്ത് വ്യവസ്ഥയിലും ജനങ്ങളുടെ ജീവിത നിലവാരത്തിലും പ്രതിഫലിക്കുന്നുണ്ട്. |
| (ബി) | ഇത്തരത്തിൽ ജി.എസ്.ഡി.പി.-യിൽ ഉണ്ടാകുന്ന വളർച്ച രാജ്യത്തിന്റെ ജി.ഡി.പി.-യിലെ സംസ്ഥാനത്തിന്റെ വിഹിതം വർദ്ധിപ്പിക്കും എന്നത് വസ്തുതയല്ലേ; വ്യക്തമാക്കാമോ? | (ബി) | ഒരു നിശ്ചിത കാലയളവിൽ ഒരു രാജ്യത്തിന്റെ അതിർത്തിക്കുള്ളിൽ ഉത്പാദിപ്പിക്കപ്പെടുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും മൂല്യത്തെയാണ് ആ രാജ്യത്തിന്റെ മൊത്തം ആഭ്യന്തര ഉദ്പാദനം (GDP) എന്ന് വിവക്ഷിക്കുന്നത് 2023-24 ൽ സംസ്ഥാനത്തിന്റെ പ്രതിശീർഷ ജിഎസ്ഡിപി (സ്ഥിര വിലയിൽ) 5.5 ശതമാനം വർധിച്ച് 1,76,072 രൂപയായി. ദേശീയ ശരാശരി 1,24,600 രൂപയായിരിക്കുമ്പോഴാണ് സംസ്ഥാനം ഈ നേട്ടം കൈവരിച്ചിട്ടുള്ളത്. കേരളത്തിലെ ഒരു വ്യക്തിയുടെ ശരാശരി വരുമാനം ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്. |

| | | | |
|---|---|---|---|
| | | | 2021-22 ലെ അന്തിമ കണക്കുകൾ പ്രകാരം Current price ൽ രാജ്യത്തിന്റെ GDP 18.85 ശതമാനം വളർച്ച കൈവരിച്ചപ്പോൾ സംസ്ഥാനത്തെ GSDP 19.75 ശതമാനം വളർച്ചയാണ് കൈവരിച്ചിട്ടുള്ളത്. സംസ്ഥാനത്തിന്റെ ആഭ്യന്തര ഉത്പാദനത്തിലുണ്ടാകുന്ന വളർച്ച രാജ്യത്തിന്റെ ആകെ സമ്പത്ത് വ്യവസ്ഥയിലും ജനങ്ങളുടെ ജീവിത നിലവാരത്തിലും പ്രതിഫലിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ